# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5642 24.05.2017-ൽ മറുപടിയ്ക്ക്

**ആലപ്പുഴയിലെ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴയിലെ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിട നിർമ്മാണം നിലക്കാനിടയായത് എന്താണെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വെളിപ്പെടുത്താമോ; | (എ) യും (ബി) യും | ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി 28.11.2012-ൽ Hindustan Pre-Fab Ltd എന്ന കമ്പനിയുമായി കരാറിലേർപ്പെട്ടുകയും കെട്ടിട നിർമ്മാണം ആരംഭിക്കുകയും ചെയ്തു. 4.11 കോടി രൂപ കൊണ്ട് മൂന്ന് നില കെട്ടിടത്തിന്റെ നിർമ്മാണം 26 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് കരാറിലേർപ്പെട്ടിരുന്നത്.<br>ആയുഷ് കേന്ദ്ര ഫണ്ടിൽനിന്നും ആദ്യ ഗഡുവായി ലഭിച്ച രണ്ടു കോടി രൂപ കൊണ്ട് ഒക്ടോബർ 2014 വരെ നിർമ്മാണപ്രവർത്തനങ്ങൾ സുഗമമായി നടന്നിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തനത്തിന് ഫണ്ടിന്റെ അഭാവത്തിൽ കെട്ടിടം പണി നിലച്ചുപോവുകയാണുണ്ടായത്. രണ്ടു കോടി രൂപ ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ആയൂഷ് വകുപ്പ് അംഗീകരിച്ചിട്ടുണ്ട്.<br>കെട്ടിട നിർമ്മാണത്തിൽ അപാകതയുണ്ടെന്ന പരാതി ഉയർന്ന സാഹചര്യത്തിൽ ബി.എസ്.എൻ.എൽ. എഞ്ചിനീയറിംഗ് വിഭാഗം non-destructive test നടത്തുകയും അപാകത പരിഹരിക്കുന്നതിന് HPL കമ്പനിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br>25.01.2016-ൽ ആയുഷ് വകുപ്പിൽ നിന്നും രണ്ടു കോടി രൂപ കൂടി അനുവദിച്ചതിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനം |
| (ബി) | തടസ്സം നീക്കി പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | പുനരാരംഭിക്കുന്നതിനുവേണ്ടി **28.12.2016 ൽ** ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെയും ബഹു.പൊതുമരാമത്തു വകുപ്പു മന്ത്രിയുടെയും നേതൃത്വത്തിൽ കൂടിയ യോഗത്തിലെ തീരുമാനപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ HPL കമ്പനിയോട് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അവർ തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ